**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **12-09-2023 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ ആധുനിക കളിക്കളങ്ങളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര, കോട്ടായി എന്നീ പഞ്ചായത്തുകളിലെ ടർഫ് ഉൾപ്പെടുന്ന ആധുനിക കളിക്കളങ്ങളുടെ പരിപാലനം നടത്തേണ്ടത് ബന്ധപ്പെട്ട സ്പോർട്സ് കൗൺസിലാണോ എന്ന് വ്യക്തമാക്കാമോ; | (എ) | തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര, കോട്ടായി എന്നീ പഞ്ചായത്തുകളിലെ ടർഫ് ഉൾപ്പെടുന്ന ആധുനിക കളിക്കളങ്ങളുടെ പരിപാലനം അതത് കളിസ്ഥലങ്ങളുടെ ഉടമസ്ഥരാണ് നടത്തേണ്ടത്. കണ്ണമ്പ്ര പഞ്ചായത്ത് കളിസ്ഥലത്തിന്റെ പരിപാലനം കണ്ണമ്പ്ര പഞ്ചായത്തും, കോട്ടായി സ്കൂൾ കളിസ്ഥലത്തിന്റെ പരിപാലനം കോട്ടായി ഹയർ സെക്കന്ററി സ്കൂളുമാണ് നടത്തി വരുന്നത്. |
| (ബി) | ഇത്തരം കളിക്കളങ്ങളുടെ പരിപാലനത്തിന് ഫണ്ട് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ ഇത്തരം കളിസ്ഥലങ്ങളുടെ പരിപാലനത്തിനായി ഫണ്ട് ആയതിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ